പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 385 — 16/03/2017-ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗക്കാരുടെ വിദഗ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.ശശീന്ദ്രൻ<br>" കെ.കുഞ്ഞിരാമൻ<br>" പി.വി.അൻവർ<br>" കെ. ആൻസലൻ | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) പട്ടികജാതിയിൽപ്പെട്ട നിരവധി പേർക്ക് സാമ്പത്തിക പ്രതിസന്ധി മൂലം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) ഈ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിനായി എത്ര രൂപയാണ് നീക്കിവെച്ചത്; ഇതിൽ ആകെ എത്ര തുക വിതരണം ചെയ്തെന്നും എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായി എന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) 2016-17 വർഷത്തിലേയ്ക്ക് പ്ലാൻ ശീർഷകത്തിൽ 60 കോടി രൂപയും നോൺ പ്ലാനിൽ 1 കോടി 10 ലക്ഷം രൂപയും അടക്കം 61 കോടി 10 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച നൽകിയിരുന്നു. ഇതിൽ 28.02.2017 വരെ 18590 പേർക്കായി 35,10,22,991/- രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇവരുടെ ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) നിലവിൽ വരുമാന പരിധി 50,000/-രൂപയാണ്. ടി തുക 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗക്കാരുടെ വിദഗ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പട്ടികജാതി വിഭാഗക്കാരുടെ വിദഗ്ധ ചികിത്സയ്ക്കായി വകുപ്പിൽ നിന്നും പ്രത്യേക ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ആരോഗ്യ വകുപ്പുവഴി നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ ബി.പി.എൽ വിഭാഗക്കാരേയും ഉൾപ്പെടുത്തി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | 2016-17 വർഷം അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 95400000 | 78268900 | 3867 |
| കൊല്ലം | 100000000 | 34872500 | 2185 |
| പത്തനംതിട്ട | 50000000 | 15412000 | 1075 |
| ആലപ്പുഴ | 50000000 | 18098000 | 911 |
| കോട്ടയം | 15000000 | 3487100 | 228 |
| ഇടുക്കി | 25200000 | 11675000 | 674 |
| എറണാകുളം | 60000000 | 20899500 | 1038 |
| തൃശ്ശൂർ | 55000000 | 53471499 | 3161 |
| പാലക്കാട് | 60000000 | 41818800 | 2500 |
| മലപ്പുറം | 55000000 | 44638500 | 1575 |
| കോഴിക്കോട് | 15200000 | 13298500 | 542 |
| വയനാട് | 6500000 | 1475000 | 102 |
| കണ്ണൂർ | 15600000 | 6602842 | 287 |
| കാസർഗോഡ് | 8100000 | 7004850 | 445 |
| ആകെ | **611000000** | **351022991** | **18590** |